പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3187 — 14/03/2018 ൽ മറുപടിയ്ക്ക്

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ

**ചോദ്യം**

ശ്രീ.മുരളി പെരുനെല്ലി
ശ്രീ.പി.വി.അൻവർ
ശ്രീ.എസ്.രാജേന്ദ്രൻ
ശ്രീ.കെ.ജെ.മാക്സി

**ഉത്തരം**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഇപ്പോൾ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(എ) & (ബി) മാരകരോഗങ്ങൾക്ക് ചികിത്സാ ധനസഹായം, അപകടമരണങ്ങൾക്ക് ഇരയായവരുടെ ആശ്രിതർക്ക് ധനസഹായം, ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത വീടുകൾക്കും ചെറുകിടകച്ചവട സ്ഥാപനങ്ങൾക്കും തീപിടുത്തത്തിൽ നാശനഷ്ടം ഉണ്ടായാൽ ധനസഹായം, കടൽക്ഷോഭത്തിൽ മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ടവർക്ക് ധനസഹായം തുടങ്ങിയവയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പ്രധാനമായും നൽകി വരുന്നത്. ധനസഹായത്തിന് അപേക്ഷ നൽകുന്നതിനുള്ള അപേക്ഷകന്റെ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപ ആണ്. അപേക്ഷയോടൊപ്പം ബന്ധപ്പെട്ട രേഖകളായ 6 മാസത്തിനകം എടുത്ത മെഡിക്കൽ സർട്ടിഫിക്കറ്റ്, അപകടമരണം സംബന്ധിച്ച കേസുകളിൽ പോസ്റ്റ്മോർട്ടം റിപ്പോർട്ട്, എഫ്.ഐ.ആർ., മരണസർട്ടിഫിക്കറ്റ് തുടങ്ങിയവയും ഹാജരാക്കേണ്ടതാണ്. അപകട മരണം നടന്ന് ഒരു വർഷത്തിനുള്ളിൽ അപേക്ഷ നൽകിയിരിക്കണം.മുഖ്യമന്ത്രി, റവന്യൂമന്ത്രി, ജില്ലാകളക്ടർ, റവന്യൂ സ്പെഷ്യൽ സെക്രട്ടറി, എന്നിവർക്ക് ഒരാൾക്ക് അനുവദിക്കാവുന്ന തുകയുടെ പരിധി യഥാക്രമം 3,00,000 രൂപ, 25,000 രൂപ, 10,000 രൂപ, 15,000 രൂപ എന്നിവയായി നിശ്ചയിച്ചിട്ടുണ്ട്. അനുവദിക്കുന്ന തുക നേരിട്ട് അപേക്ഷകന്റെ അക്കൗണ്ടിലേക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കാൻ ഓൺലൈൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

(സി) ദുരിതാശ്വാസ നിധിയിൽ നിന്നും ഭൂരഹിതർക്കും ഭവനരഹിതർക്കും വീട് നിർമ്മിച്ച് കൊടുക്കുന്നതിനുള്ള ധനസഹായം കൂടി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ, വിശദമാക്കുമോ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളുടെ പരിധിയിൽ സംസ്ഥാനത്തെ ഭൂരഹിത-ഭവനരഹിതർക്ക് വീട് വച്ചു നൽകുന്ന പദ്ധതി (ലൈഫ് മിഷൻ) കൂടി ഉൾപ്പെടുത്തി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി സ്കീം പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവനകൾ വിപുലപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവനകൾ വിപുലപ്പെടുത്തുന്നതിനായി 'ഓഖിദുരന്തം' പോലുള്ള പ്രത്യേകവും അടിയന്തിരവുമായ സാഹചര്യങ്ങളിൽ പത്ര-ദൃശ്യ-നവ മാധ്യമങ്ങളിലൂടെ മുഖ്യമന്ത്രി/ചീഫ് സെക്രട്ടറി തലത്തിൽ അഭ്യർത്ഥന പുറപ്പെടുവിക്കാറുണ്ട്.

Smitha A.S

സെക്ഷൻ ഓഫീസർ